പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.*251

07/11/2019-ൽ
മറുപടിയ്ക്ക്

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാർത്ഥി സമൂഹത്തിനുണ്ടാക്കിയ മാറ്റം**

ചോദ്യം

**ശ്രീ. സി. കെ. ഹരീന്ദ്രൻ**
**പ്രൊഫ. കെ. യു. അരുണൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി. കെ. ശശി**

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാർത്ഥി സമൂഹത്തിനുണ്ടാക്കിയ മാറ്റമെന്തെന്ന് അറിയിക്കാമോ; പത്താം ക്ലാസ്, ഹയർ സെക്കണ്ടറി എന്നീ പരീക്ഷകളിൽ ഈ മാറ്റം പ്രതിഫലിച്ചിട്ടുണ്ടോ;

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി "അക്കാദമിക മികവാണ് വിദ്യാലയ മികവ്" എന്ന മുദ്രാവാക്യം മുന്നോട്ട് വച്ച് കൊണ്ട് ഓരോ കുട്ടിക്കും തന്റെ അഭിരുചിയ്ക്കും ശേഷിക്കും അനുസരിച്ച് മുന്നേറുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു അക്കാദമിക മാസ്റ്റർ പ്ലാൻ, വ്യക്തിഗത മാസ്റ്റർ പ്ലാനുകൾ, ജൈവവൈവിദ്ധ്യ ഉദ്യാനം, ടാലന്റ് ലാബ് തുടങ്ങിയ നൂതന ആശയങ്ങൾനടപ്പിലാക്കുകയും തുടർ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള അക്കാദമിക ഇടപെടലുകളുടെ ഭാഗമായി പത്താംക്ലാസ്സ് , ഹയർ സെക്കണ്ടറി പരീക്ഷകളിൽ കുട്ടികളുടെ പ്രകടനം മെച്ചപ്പെട്ടു. വിജയശതമാനത്തിലും A+ കളുടെ എണ്ണത്തിലും 2016-17 വർഷത്തിൽ നിന്നും 2018-19 -ൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

എസ്.എസ്.എൽ.സി പരീക്ഷയുടെ വിജയ ശതമാനത്തിൽ 2017 മുതൽ വർദ്ധനവ് വന്നിട്ടുണ്ട്. ഓരോ വർഷങ്ങളിലെ വിജയശതമാനം ചുവടെ ചേർക്കുന്നു.

| വർഷം | വിജയശതമാനം |
|---|---|
| 2017 | 95.98% |
| 2018 | 97.84% |
| 2019 | 98.11% |

ഹയർസെക്കന്ററി തലത്തിൽ 2016 മാർച്ചിൽ 80.94 ശതമാനം കുട്ടികളാണ് ഉപരിപഠനയോഗ്യത നേടിയതെങ്കിൽ 2019 മാർച്ചിൽ 84.33 ശതമാനമായി മാറി.

(ബി) ഈ നേട്ടം കൂടുതൽ മികവോടെ മുന്നോട്ട് കൊണ്ടുപോകുന്നതിന് ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ പരിപോഷിപ്പിക്കുന്ന വിധത്തിൽ അധ്യാപക ഇടപെടൽ ഫലപ്രദമാക്കിത്തീർക്കാൻ പരിപാടിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ട്. ഓരോ കുട്ടിയുടെ വ്യക്തിവികാസത്തിനും, സവിശേഷതയും തിരിച്ചറിഞ്ഞ് അദ്ധ്യാപകരുടെ ഇടപെടൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തു വരുന്നു.

(സി) ഓരോ വിദ്യാർത്ഥിയുടെ കഴിവും ദൗർബല്യങ്ങളും മനസ്സിലാക്കി അവർക്ക് വഴികാട്ടിയാകുന്ന തരത്തിൽ അധ്യാപകരെ മെന്റർമാരെന്ന നിലയിൽ പരിവർത്തിപ്പിക്കാൻ സാധ്യമാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ട് . ഒരു നിശ്ചിത എണ്ണം കുട്ടികളുടെ അക്കാദമികവും വ്യക്തിപരവുമായ ശേഷികളും പരിമിതികളും തിരിച്ചറിഞ്ഞ് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുന്നതിന് ഓരോ അദ്ധ്യാപകനെയും (മെന്റർമാരായി) പരിവർത്തിപ്പിക്കുന്നതിനുള്ള പദ്ധതി ഉടനെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) അധ്യയന രീതിയിലും അധ്യാപന നിലവാരത്തിലും ലക്ഷ്യത്തിനനുസൃതമായ മാറ്റം കൊണ്ടുവരുന്നതിന് പരിശീലന പരിപാടികളുണ്ടോയെന്ന് അറിയിക്കുമോ?

(ഡി) അദ്ധ്യാപക പരിശീലനത്തിൽ സമഗ്രമായ മാറ്റം വരുത്തിയിട്ടുണ്ട്. ഉള്ളടക്ക ധാരണ വർദ്ധിപ്പിക്കുന്നതിനും വിനിമയ ശേഷി മികവുറ്റതാക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഫലപ്രദമായി അദ്ധ്യയനത്തിൽ ഉൾച്ചേർക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകി വരുന്നു.

അധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ അധ്യാപകർക്ക് നാലു ദിവസത്തെ പ്രത്യേക ഐ.സി.ടി. പരിശീലനം 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ നൽകിയിട്ടുണ്ട്.

Namitha. P

**സെക്ഷൻ ഓഫീസർ**